# കേരളസർവകലാശാല

നം.പി.ആർ.255/2021

## പത്രക്കുറിപ്പ്

**ബിരുദ പ്രവേശനം 2021**
**എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം**
**അവസാന ഘട്ട കൗൺസിലിംഗ് ഡിസംബർ 13 മുതൽ 15 വരെ**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ രണ്ടാം ഘട്ട കൗൺസിലിംഗ് ഡിസംബർ 13 മുതൽ 15 വരെ വരെ നടത്തുന്നതാണ്. കമ്മ്യൂണിറ്റി ക്വാട്ട റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഈ ഘട്ടത്തിൽ കൗൺസിലിംഗിന് പങ്കെടുക്കാവുന്നതാണ്.(റാങ്ക് ലിസ്റ്റിനായി പ്രൊഫൈൽ സന്ദർശിക്കുക). വിദ്യാർത്ഥികൾ അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുള്ള schedule പ്രകാരം 10.30 മണിക്ക് മുമ്പായി പ്രസ്തുത കോളേജിൽ ഹാജരാകേണ്ടതാണ്. ആദ്യ ഘട്ടത്തിൽ റിപ്പോർട്ട് ചെയ്തിട്ടും അഡ്മിഷൻ ലഭിക്കാത്തവരെ പരിഗണിച്ചതിനുശേഷം മാത്രമേ മറ്റുള്ളവരെ പരിഗണിക്കുകയുള്ളൂ. ആദ്യ ഘട്ടത്തിൽ കൗൺസിലിംഗിന് കോളേജിൽ ഹാജരാകാത്തവരെ വീണ്ടും പരിഗണിക്കുന്നതല്ല. കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ ഒഴിവുകളുടെ വിവരങ്ങളും കോളേജുകളിലെ ഓരോ കോഴ്സുകളുടെ അഡ്മിഷൻ തീയതിയും വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. കൗൺസിലിംങ്ങിന് പങ്കെടുത്തതുകൊണ്ട് മാത്രം സീറ്റ് ഉറപ്പാകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

എല്ലാ കോളേജുകളിലും ഒരു കോഴ്സിന് ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിംങ്ങിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട **authorization letter** എന്നിവ ഹാജരാക്കണം. റാങ്ക് അനുസരിച്ചാണ് കൗൺസിലിംഗ്, റാങ്ക് വിളിക്കുന്ന സമയം വിദ്യാർത്ഥിയോ പ്രതിനിധിയോ ഹാജരായില്ല എങ്കിൽ റാങ്ക്ലിസ്റ്റിലെ അടുത്ത ആളിനെ വിളിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് ആവശ്യപ്പെടാൻ സാധിക്കില്ല.

അഡ്മിഷന് ഹാജരാകുന്ന വിദ്യാർത്ഥികൾ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിൽ ആണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ വിദ്യാർത്ഥി നേരിട്ടെത്തി അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ അഡ്മിറ്റ് മെമ്മോ ഹാജരാക്കണം. അങ്ങനെയുള്ളവർ കമ്മ്യൂണിറ്റി ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിംങ്ങിൽ നികത്തുന്നതുമാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

# കേരള സർവകലാശാല
## ഒന്നാം വർഷ ബിരുദാനന്തര ബിരുദപ്രവേശനം 2021

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ നിലവിൽ താൽക്കാലിക അഡ്മിഷൻ എടുത്തിട്ടുള്ള വിദ്യാർത്ഥികൾ 10.12.2021 തീയതിക്ക് മുൻപായി അതാത് കോളേജുകളിൽ എത്തി സ്ഥിര അഡ്മിഷൻ എടുക്കേണ്ടതാണ്. അല്ലാത്തപക്ഷം അവരുടെ നിലവിലെ അഡ്മിഷൻ റദ്ദാകുന്നതാണ്

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ. (മൃദംഗം, വയലിൻ) പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 13 മുതൽ തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2021 ഡിസംബർ 30 ന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.എച്ച്.എം.എസ്. മേഴ്സിചാൻസ് (1982 സ്കീം) പരീക്ഷയ്ക്ക് പിഴകൂടാതെ ഡിസംബർ 15 വരെയും 150 രൂപ പിഴയോടെ ഡിസംബർ 18 വരെയും 400 രൂപ പിഴയോടെ ഡിസംബർ 21 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജനുവരിയിൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ പഞ്ചവത്സര എം.ബി.എ. (ഇന്റഗ്രേറ്റഡ്)/ഇന്റഗ്രേറ്റഡ് ബി.എം.-എം.എ.എം. (2015 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ഡിസംബർ 16 വരെയും 150 രൂപ പിഴയോടെ ഡിസംബർ 20 വരെയും 400 രൂപ പിഴയോടെ ഡിസംബർ 22 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പൂർവ്വവിദ്യാർത്ഥിസംഗമവും അവാർഡ് വിതരണവും

കേരളസർവകലാശാലയുടെ കീഴിലുള്ള കൊമേഴ്സ് പഠനവകുപ്പിലെ പൂർവ്വവിദ്യാർത്ഥി സംഗമവും റാങ്ക് ജേതാക്കൾക്കുള്ള ഡോ.പ്രദീപ് പി തേവന്നൂർ അവാർഡ്, ഡോ.കെ.ശശികുമാർ എൻഡോവ്മെന്റ് എന്നിവയുടെ വിതരണവും 2021 ഡിസംബർ 11 ശനിയാഴ്ച രാവിലെ 10 മുതൽ കാര്യവട്ടം ക്യാമ്പസിലെ സ്കൂൾ ഓഫ് ബിസിനസ് മാനേജ്മെന്റ് ആന്റ് ലീഗൽ സ്റ്റഡീസിൽ വച്ച് നടത്തുന്നതാണ്. എല്ലാ പൂർവ്വവിദ്യാർത്ഥികളും പ്രസ്തുത പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

തിരുവനന്തപുരം,
08.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queriesexamhelpdesk1@keralauniversity,examhelpdesk2@keralauniversity
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**